PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Friday, the 22nd November, 1963

Vol. XVII] OFFICIAL REPORT [No. 36

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 22nd November 1963 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

SHORT NOTICE QUESTIONS AND ANSWERS

നാഷണൽ ലാബറട്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള ആലോചന

* 900. [36] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറിന്റെ കീഴിൽ ഏതെങ്കിലും നാഷണൽ ലാബറട്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറിനു് എന്തെങ്കിലും അറിവുണ്ടോ ;

(ബി) ഒരു നാഷണൽ ലാബറട്ടറി എങ്കിലും കേരളത്തിൽ സ്ഥാപിക്കണമെന്നു് സംസ്ഥാനഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനോടഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണു് ?

2/751/V

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്

(സി) ഏതെങ്കിലും പുതിയ നാഷണൽ ലാബറട്ടറി സ്ഥാപിക്കുന്ന പ്രശ്നം തീരുമാനമെടുക്കുമ്പോഴും ഈ ഗവണ്മെൻറിന്റെ അഭ്യർത്ഥന കണക്കിലെടുക്കുന്നതാണെന്നും കേന്ദ്രഗവണ്മെൻറും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ: പുതുതായി നാഷണൽ ബയോളജിക്കൽ ലാബറട്ടറി സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ എന്നും, അതു കേരളത്തിനു കിട്ടാൻ സാദ്ധ്യതയുണ്ടോ എന്നും ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി പ്രത്യേകം നിവേദനം നടത്തിയിട്ടുണ്ട്.

സ്ഥലം മാറ്റം ചെയ്യപ്പെട്ട അദ്ധ്യാപകന്റെ ശമ്പളം

* 901. [38] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലം സബ് ഡിസ്ട്രിക്റ്റിൽ (കോഴിക്കോട്ട്) പെട്ട തിരുവമ്പാടി സേക്രഡ് ഹാർട്ട് യു.പി. സ്കൂളിൽ 12 കൊല്ലം സർവ്വീസുള്ള ഒരു ടീച്ചറെ അതേ സബ് ഡിസ്ട്രിക്റ്റിലുള്ള കക്കോടി എം. ഐ. എൽ. പി. സ്കൂളിലേയ്ക്കു് സ്ഥലം മാറ്റം ചെയ്തതു് ഡിപ്പാർട്ടുമെൻറിന്റെ അനുമതിയോടുകൂടി ആയിരുന്നോ ;

(ബി) എങ്കിൽ ഈ ട്രാൻസ്ഫറിനുശേഷം ഇതേവരെ ടീച്ചർക്കു് ശമ്പളം കൊടുക്കാതിരിക്കാൻ കാരണമെന്തു് ;

(സി) ഈ ടീച്ചറുടെ തടഞ്ഞുവച്ച ശമ്പളം ഉടനടി കൊടുക്കാനുള്ള നടപടികളെടുക്കാൻ ദയവുണ്ടാകുമോ ;

(ഡി) 95% ഹാജർ വേണമെന്ന നിബന്ധന കഴിഞ്ഞകൊല്ലം സ്ഥിരപ്പെടുത്തിയ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം ഒഴിവാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഡിപ്പാർട്ടുമെൻറിന്റെ അനുമതിയോടുകൂടിയായിരുന്നു.

(ബി, സി) 1962-63-ലെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് കക്കോടി എം. ഐ. എൽ. പി. സ്കൂളിൽ ആറു് അദ്ധ്യാപകരുടെ തസ്തികകൾ അനുവദിച്ചിരുന്നു. 1963-64-ൽ പുതിയ pupil Teacher ratio അനുസരിച്ച് അഞ്ചു് തസ്തികകളേ അനുവദിച്ചിട്ടുള്ളൂ. 14-8-63-ൽ വിദ്യാഭ്യാസ ഡയറക്ടർക്കു് എഴുതി. 2-39442/63 കൽപ്പനയിൽ 62-63 സ്കൂൾ വർഷാവസാനം ജോലി നോക്കിയ കാഷ്വൽ ഫൈഡ് അദ്ധ്യാപകരെ പുതിയ pupil Teacher ratio അനുസരിച്ച് പിരിച്ചു വിടരുതെന്നും പറഞ്ഞിട്ടുണ്ട്. നേരത്തെതന്നെ ഈ സ്കൂളിൽ അഞ്ചു് കാഷ്വൽഫൈഡ് അദ്ധ്യാപകന്മാർ ഉണ്ടായിരുന്നതുകൊണ്ടും, തസ്തികകളില്ലാത്തതുകൊണ്ടും 63-64 സ്കൂൾ വർഷത്തിൽമാത്രം ട്രാൻസ്ഫർ നൽകിയ ഈ അദ്ധ്യാപികയുടെ ട്രാൻസ്ഫറിനുശേഷമുള്ള ശമ്പളത്തിന്റെ കാര്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

ശ്രീ. പി. സി. രാഘവൻനായർ : 4 കൊല്ലം തുടർച്ചയായി രണ്ടു് സ്റ്റാഫുവീതം അനുവദിച്ചിരുന്ന ഒരു ക്ലാസ്സിൽ ഈ കൊല്ലം 52 സ്റ്റുഡന്റ്സ് ഉണ്ടായിട്ടും 95 ശതമാനം ഹാജരുണ്ടെങ്കിൽ മാത്രമേ സ്റ്റാഫ് അനുവദിക്കുകയുള്ള എന്നുള്ള വ്യവസ്ഥ ശരിയാണോ; കഴിഞ്ഞ കൊല്ലത്തെ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിലുള്ള ടീച്ചേഴ്സിനു് അവിടെ സാംഗ്ഷൻ കൊടുക്കേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly